mfed/331/2026-EMC.

28 JAN 2026

551783
29/01/26

കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

PM | DGM (AQ) | DGM (FIN) | M (IT)
DGM(E) | 29/1 | | DGM (P)
DGM (CO) | DGM (E& MC) | EA to MD | AEE

DFTVM/2765/2025-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:21-01-2026
ഇ-മെയിൽ:fisheriesdirector@gmail.com

**<u>സർക്കുലർ നം. 11/2025</u>**

വിഷയം:- ഫിഷറീസ്- സഹകരണം- മത്സ്യത്തൊഴിലാളി സഹകരണം സർക്കുലറിലെ അംഗങ്ങൾക്ക് നിർബന്ധിത ഹ്രസ്വകാല പരിശീലനം നൽകുന്നത്- സംബന്ധിച്ച്

പരാമർശം :- 2024 ഡിസംബർ 31 ലെ ജി.ഒ (പി) നം. 232/2024/co-op നമ്പർ വിജ്ഞാപനം

29/1

മേൽ പരാമർശ വിജ്ഞാപനം പ്രകാരം കേരള സംസ്ഥാന സഹകരണ നിയമം- 1969 ലെ ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തി കൊണ്ട് ഉത്തരവായിട്ടുണ്ട്. അംഗങ്ങളെ പരിശീലനത്തിന് നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത ചട്ട ഭേദഗതി ഉടൻ പ്രാബല്യത്തിൽ (വിജ്ഞാപന തീയ്യതി) വരുന്നതുമാണ്.

നിലവിലുള്ള ചട്ടം 50 ന്റെ കൂടെ "50 A" എന്ന ചട്ടം താഴെ പറയും പ്രകാരം കൂട്ടി ചേർത്തുകൊണ്ടാണ് ഭേദഗതി വരുത്തിയത്.

"മാനേജിംഗ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോ കോ-ഓപ്റ്റ് ചെയ്യപ്പെട്ടതോ ആയ ഓരോ അംഗവും, അത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു വർഷത്തിനുള്ളിൽ, വകുപ്പ് നടത്തുന്നതോ അല്ലെങ്കിൽ സംസ്ഥാന സഹകരണ യൂണിയൻ അല്ലെങ്കിൽ സംസ്ഥാന കൃഷി സഹകരണ പരിശീലന കേന്ദ്രം അല്ലെങ്കിൽ ഇൻസ്റ്റിട്യൂട്ട് ഓഫ് കോ- ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്നിവ നടത്തുന്നതോ ആയ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്."

പ്രസ്തുത ചട്ട ഭേദഗതി പ്രകാരം താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെയും ഭരണ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോ കോ- ഓപ്റ്റ് ചെയ്യപ്പെട്ടതാേ ആയ എല്ലാ അംഗങ്ങളും മേൽ ചട്ട ഭേദഗതി പ്രകാരമുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

2. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട് ഒരു വർഷത്തിനുള്ളിൽ പരിശീലന പരിപാടിയിൽ പങ്കെടുത്തിരിക്കണം.

3. പരിശീലന സ്ഥാപനം വഹിക്കുന്നില്ലായെങ്കിൽ, പരിശീലന പരിപാടിയുടെ ചെലവ് അതാത് ഭരണ സമിതിയോ, അംഗങ്ങളോ സ്വയം വഹിക്കേണ്ടതാണ്

4. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ പരിശീലന പരിപാടിയിൽ നിയോഗിക്കുന്നതിന് സംഘം പ്രസിഡന്റ് / സെക്രട്ടറി, അധികാര പരിധിയിലുള്ള ഫിഷറീസ് സഹകരണ രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ / ഫിഷറീസ് സഹകരണ സംഘം യൂണിറ്റ് ഇൻസ്പക്ടർമാർ ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം വിവരം മേലധികാരിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

CHELSASINI V IAS
DIRECTOR OF FISHERIES
ഫിഷറീസ് ഡയറക്ടർ.

Digitally signed by
CHELSASINI VARATHARAJAN
Date: 23-01-2026 18:45:03

<u>പകർപ്പ്</u>

1. ദക്ഷിണ/മധ്യ/ഉത്തര മേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ
2. മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
3. ഫിഷറീസ് ഡെപ്യൂട്ടി രജിസ്ട്രാർ
4. എല്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
5. എല്ലാ പ്രാഥമിക മത്സ്യസഹകരണ സംഘങ്ങൾക്കും (യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന)
6. വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ/ സ്പെയർ